ഉത്തരവ് നം **ഇ1/41231/2017**

വനിത - ശിശു വികസന ഡയറക്ടറുടെ
കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം
തീയതി: 22.12.2017

# പരിപത്രം

വിഷയം- **വനിത - ശിശു വികസന വകുപ്പ് - ജീവനക്കാര്യം- ശിശുവികസന പദ്ധതി ഓഫീസർ/ഐ സി ഡി എസ് സൂപ്പർവൈസർമാർ / മിനിസ്റ്റീരിയൽ വിഭാഗം - അവധി അനുവദിക്കുന്നതിന് നിയന്ത്രണം 31.03.2018 വരെ ഏർപ്പെടുത്തുന്നത് - സംബന്ധിച്ച്**

പരാമർശം-

2017-18 സാമ്പത്തിക വർഷത്തെ അവസാന പാദത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തേണ്ട കാലയളവിൽ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായ ശിശുവികസന പദ്ധതി ഓഫീസർ/ഐ സി ഡി എസ് സൂപ്പർവൈസർ / മിനിസ്റ്റീരിയൽ വിഭാഗം എന്നീ തസ്തികകളിൽ ജോലി നോക്കിവരുന്ന ജീവനക്കാർ ദീർഘകാല അവധിയിൽ പ്രവേശിക്കുന്ന പ്രവണത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശിശുവികസന പദ്ധതി ഓഫീസർമാരും ഐ സി ഡി എസ് സൂപ്പർവൈസർമാരും വകുപ്പിന്റെയും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരാണെന്നിരിക്കേ ഇത്തരത്തിൽ സാമ്പത്തിക വർഷാവസാന കാലത്ത് കൂട്ടമായി അവധിയിൽ പ്രവേശിക്കുന്നത് സർക്കാരിന്റെ പദ്ധതി നിർവ്വഹണത്തിൽ തടസ്സം സൃഷ്ടിക്കുന്നതിനും പദ്ധതി വിഹിതം നിശ്ചിത സമയത്തിന് ചെലവഴിക്കുകയെന്ന ലക്ഷ്യപ്രാപ്തി നേടാൻ സാദ്ധ്യമാകാത്ത സാഹചര്യം ഉണ്ടാക്കുന്നതിനും കാരണമാകുന്നു.

ടി സാഹചര്യത്തിൽ ശിശുവികസന പദ്ധതി ഓഫീസർമാർ/ഐ സി ഡി എസ് സൂപ്പർവൈസർമാർ, മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ എന്നിവരുടെ അവധി അപേക്ഷകൾ (വളരെ അടിയന്തര സന്ദർഭങ്ങളിൽ ഒഴികെ) സ്വീകരിക്കുന്നതിനും അനുവദിക്കുന്നതിനുമുള്ള നടപടികൾ **31.03.2018** വരെ ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങളോടെ നിയന്ത്രണവിധേയമായിരിക്കും.

മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള അവധി അപേക്ഷകൾ ബന്ധപ്പെട്ട അവധി അനുവദിക്കുന്നതിനുള്ള അധികാരികൾ വിശദമായി പരിശോധിച്ച് അടിയന്തര സാഹചര്യമുള്ളതാണെങ്കിൽ മാത്രം അനുവദിക്കാവുന്നതും ആവശ്യമുള്ള പക്ഷം സർട്ടിഫിക്കറ്റിന്റെ ആധികാരികത പരിശോധിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ പരിഗണനയ്ക്ക് വിടേണ്ടതുമാണ്. **31.03.2018** വരെ മാത്രം ശിശുവികസന പദ്ധതി ഓഫീസർമാർ അവധി അപേക്ഷകൾ പ്രോഗ്രാം ഓഫീസർമാർ മുഖേന മാത്രമേ സമർപ്പിക്കുവാൻ പാടുള്ളൂ. എല്ലാ പ്രോഗ്രാം ഓഫീസർമാർമാരും അവധി അപേക്ഷകൾ വിശദമായി പരിശോധിച്ചതിന് ശേഷം അർഹതപ്പെട്ടവ മാത്രം ശുപാർശ ചെയ്ത് വകുപ്പ് മേധാവിയ്ക്ക് സമർപ്പിച്ചാൽ മതിയാകുന്നതാണ്. അത്യാവശ്യ സാഹചര്യങ്ങളിൽ അവധി

അനുവദിക്കാൻ പ്രോഗ്രാം ഓഫീസർ ശുപാർശ ചെയ്യുമ്പോൾ താത്കാലികമായി ചുമതല ക്രമീമരണം കൂടി നടത്തി സാധൂകരണം നേടാനും ശ്രദ്ധിക്കേണ്ടതാണ്.

ടി വിഷയം എല്ലാ ജില്ലാ കാര്യാലയ മേധാവികളും, പ്രോഗ്രാം ഓഫീസർമാരും ശിശുവികസന പദ്ധതി ഓഫീസർമാരും വളരെ ഗൗരവമായി വീക്ഷിക്കേണ്ടതും മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്ത കാര്യാലയ മേധാവികൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഒപ്പ്)
**വനിത - ശിശു വികസന ഡയറക്ടർ**

1. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
2. എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും
3. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
4. എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും
5. ഔദ്യോഗിക വെബ്സൈറ്റിലേയ്ക്ക്
6. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്